# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *143

01-11-2019-ൽ
മറുപടി നൽകേണ്ടത്

### ഉന്നത വിദ്യാഭ്യാസരംഗത്ത് ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ. എൽദോ എബ്രഹാം | ഡോ. കെ .ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ഉന്നതവിദ്യാഭ്യാസ മേഖലയിൽ സമാനതകളില്ലാത്ത നേട്ടങ്ങൾ കൈവരിക്കുന്നതിന് ഉപയുക്ത മാകുന്ന തരത്തിൽ ഈ സർക്കാർ നടത്തിയ ഇടപെടലുകൾ വിശദമാക്കുമോ; | എ) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമാനതകളില്ലാത്ത നേട്ടങ്ങൾ കൈവരിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം സംസ്കൃത കോളേജ് ക്യാംപസിൽ പ്രവർത്തിക്കുന്ന മേഘനാഥ സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലൊപ്മെന്റ് സ്റ്റുഡിയോ [ORICE-Online Resource Initiative of Collegiate Education] യിൽ Beyond Syllabi, മലയാള സാഹിത്യയാത്ര, Winglish എന്നീ മൂന്ന് പഠന പരമ്പരകളായി |

| | | | |
|---|---|---|---|
| | | | ഓൺലൈൻ ക്ലാസുകൾ നടന്നുവരുന്നു. കൂടാതെ **Walk with Scholar, FLAIR (Fostering Linkages For Academic Innovation and Research)** ദേശീയ വിദ്യാഭ്യാസ മിഷനുള്ള കണക്ടിവിറ്റി, ആസ്പയർ, സാഹിത്യത്തിൽ അഭിരുചിയും കഴിവും തെളിയിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, സംഗീതം, കല, പെർഫോമിംഗ് ആർട്സ് എന്നീ മേഖലകളിൽ പ്രതിഭകൾക്കായുള്ള സ്കോളർഷിപ്പുകൾ, ആർട്സ് & സയൻസ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, വികലാംഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം, ജില്ലാ മെറിറ്റ് സ്കോളർഷിപ്പ്, അഹിന്ദി സംസ്ഥാനങ്ങളിൽ ഹിന്ദി പ്രചരിപ്പിക്കുന്നതിനുള്ള സ്കോളർഷിപ്പ്, ഉന്നത വിദ്യാഭ്യാസം സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ആൻഡ് റിസർച്ച് തിരുവനന്തപുരം, **2019-20** സാമ്പത്തിക വർഷം **'Jeevani- College Mental Awareness Programme"**, സെൻറർ ഓഫ് എക്സലൻസ്, അക്കാദമിക്/ |

| | | | |
|---|---|---|---|
| | | | ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം, ലൈബ്രറി, ലബോറട്ടറി വികസനം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പശ്ചാത്തല സൗകര്യ വികസനത്തിനായി അത്യാധുനിക സ്മാർട്ട് ക്ലാസ്സ് മുറികൾ, ഹോസ്റ്റൽ സൗകര്യങ്ങൾ, ലബോറട്ടറികൾക്കായി ആധുനിക ഉപകരണങ്ങൾ, ക്യാമ്പസ് നെറ്റ് വർക്ക്, ഫിറ്റ്നസ് സെന്റർ, AICTE അക്രഡിറ്റേഷൻ ലഭിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ, ഐ.സി.റ്റി പദ്ധതികൾ ഇ-ജേർണലുകൾ, ഡിജിറ്റൽ/ഇ-ലൈബ്രറികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.<br>ഗവേഷണ/പരിശീലന പദ്ധതികളുടെ ഭാഗമായി വിവിധ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ സാമൂഹ്യ പ്രസക്തിയുള്ള ഗവേഷണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ റൂറൽ ടെക്നോളജി ഡവലപ്മെന്റ് സെന്റർ, |

| | | | |
|---|---|---|---|
| | | | കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ റിയൂസബിൾ ബിൽഡിംഗ് സിസ്റ്റംസ്, ബാർട്ടൺഹിൽ എഞ്ചിനീയറിംഗ് കോളേജിലെ സെന്റർ ഫോർ ബാംബൂ ടെക്നോളജി, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്റർ, ഇലക്ട്രിക്കൽ വെഹിക്കിൾ ടെസ്റ്റിങ് ലാബ്, ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ സർക്കാർ എഞ്ചിനിയറിംഗ് കോളേജിൽ റോബോട്ടിക്സ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നോഡൽ സെന്ററും കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ എക്സലൻസ് ഇൻ സിസ്റ്റംസ്, എനർജി & എൻവയോൺമെന്റും പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. പ്രളയ കെടുതിയെ സംബന്ധിച്ച സർവ്വേ നടത്താൻ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും 31000 വോളണ്ടിയർമാരുടെ സേവനം ലഭ്യമാക്കിയിരുന്നു. തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| | | | നല്കിയ മാർഗ്ഗരേഖ പ്രകാരം ഈ വോളണ്ടിയർമാർ 2 ലക്ഷത്തോളം വീടുകളുടെ സർവ്വേ വിജയകരമായി പൂർത്തീകരിച്ചു. തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലും, കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലും സൗരോർജ്ജ പ്ലാൻറുകൾ സ്ഥാപിച്ചു. സംരംഭകത്വ വികസന പദ്ധതികൾ "പുനർജനി" എന്ന പേരിൽ ഗവൺമെന്റ് സ്വത്തുകളുടെ പുനർ നിർമ്മാണം, പുതിയ പേറ്റന്റുകൾ, സൗരോർജ്ജ പ്ലാന്റ് എന്നിവയും നടപ്പില്ലാക്കിയിട്ടുണ്ട്. |
| ബി) | അദ്ധ്യാപകക്ഷാമം മൂലം വീർപ്പുമുട്ടിയിരുന്ന സർക്കാർ കോളേജുകളിലും പോളിടെക്നിക്കുകളിലും പുതിയ തസ്തികകൾ സൃഷ്ടിച്ച് ഉന്നത വിദ്യാഭ്യാസരംഗത്ത് ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | ബി) | കോളേജ് വിദ്യാഭ്യാസ വകുപ്പിൽ 39 അദ്ധ്യാപക തസ്തികകളും, സർക്കാർ കോളേജുകളിൽ 141 അധ്യാപക തസ്തികകളും, എഞ്ചിനീയറിംഗ് കോളേജുകളിലേക്കായി 97 അധ്യാപക തസ്തികകളും പോളിടെക്നിക് കോളേജുകളിൽ 230 അധ്യാപക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. |
| സി) | പ്രളയാനന്തര കേരളത്തിന്റെ സാമ്പത്തികതളർച്ചക്കിടയിലും പുതിയ കോളേജുകളും കോഴ്സുകളും അനുവദിച്ചത് ഉന്നതവിദ്യാഭ്യാസമേഖലയ്ക്ക് സർക്കാർ നൽകുന്ന മുൻഗണനക്ക് ഉത്തമ നിദർശന | സി) | അതെ. ഉന്നത വിദ്യാഭ്യാസ മേഖലയിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പുതിയ കോളേജുകളും കോഴ്സുകളും അനുവദിച്ചതും സാങ്കേതിക |

| | | | |
|---|---|---|---|
| | മാണോ; വ്യക്തമാക്കുമോ? | | വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ 4 സർക്കാർ പോളിടെക്ക്നിക് കോളേജുകൾ (മുക്കം, നടുവിൽ, ഹരിപ്പാട്, വിളപ്പിൽശാല) ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചതും ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് സർക്കാർ നൽകുന്ന മുൻഗണനയ്ക്ക് തെളിവാണ്. |

**സെക്ഷൻ ഓഫീസർ**